എസ്. എച്ച്. (1) 28528/16

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി - 06.01.2017

## സർക്കുലർ

വിഷയം - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഡ്രൈവർ കം സിനിമ ഓപ്പറേറ്റർ തസ്തികയിലെ ഒഴിവ് നികത്തുന്നത് - സംബന്ധിച്ച്.

പരാമർശം - സ.ഉ.(എം.എസ്) നം.422/68/കൃഷി, തീയതി 19/9/1968

**************

കൃഷി വകുപ്പിലെ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഡ്രൈവർ കം സിനിമ ഓപ്പറേറ്റർ തസ്തികയിൽ തസ്തികമാറ്റം മുഖേനയുള്ള സ്ഥാനക്കയറ്റം (by promotion) നൽകുന്നതിനായിട്ടുള്ള വ്യവസ്ഥകൾ പരാമർശം പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു.

**യോഗ്യതകൾ:-**

1. സിനിമ പ്രൊജക്ടർ ഉപകരണം പ്രവർത്തിപ്പിക്കുന്നതിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയം.
2. സ്വന്തമായി മോട്ടോർ വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഉണ്ടായിരിക്കണം.

തസ്തികയിലേക്ക് നിയമനം ലഭിക്കാൻ താത്പര്യമുള്ള കൃഷിവകുപ്പിലെ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിലെ മറ്റു കാറ്റഗറിയിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥർ അപേക്ഷ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം (സാക്ഷ്യപ്പെടുത്തിയത്) മേലാധികാരിയുടെ ശുപാർശ സഹിതം 05.02.2017 മുമ്പായി ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അയച്ചുതരുവാൻ താത്പര്യപ്പെടുന്നു. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല എന്നും അറിയിക്കുന്നു.

Shesly George

ADMINISTRATIVE ASSISTANT II
Directorate of Agriculture
Vikas Bhavan
Thiruvananthapuram

കാർഷിക വികസന കർഷക
ക്ഷേമ വകുപ്പ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകൾക്കും
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ. കോഴിക്കോട്
4. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT) Cell (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. എല്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
6. ഫാം ഇൻഫർമേഷൻ ബ്യൂറോ
7. ശേഖരണഫയൽ/അധികം

എഎ 19